പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1114

05/03/2020-ൽ മറുപടിയ്ക്ക്

**ചേളാരി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ കെട്ടിട നിർമ്മാണം**

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് . പി | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ചേളാരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ കെട്ടിട നിർമ്മാണം തടസ്സപ്പെട്ടതുസംബന്ധിച്ച് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ മിഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) ഉണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത റിപ്പോർട്ടിൽ കെട്ടിട നിർമ്മാണം അടിയന്തരമായി പുനരാരംഭിക്കുന്നതിന് എന്ത് നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; കെട്ടിടനിർമ്മാണം ഇടയ്ക്കുവച്ച് തടസ്സപ്പെട്ടതുകാരണമുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) കെട്ടിട നിർമ്മാണം എന്നത്തേക്ക് പുനരാരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) & (സി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് സ്കൂളിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള താൽപര്യങ്ങൾ സ്ഥാപനമേധാവിയുടെ കാഴ്ചാസീമയ്ക്കുട്ടത്ത് ക്ലാസ്സുകളും കുട്ടികളും കഴിയാവുന്നതും ഉണ്ടാകുക, കളിസ്ഥലം കഴിയാവുന്നതും സംരക്ഷിക്കുക തുടങ്ങി നിലവിലുള്ള എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് കെട്ടിട നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Namitha

സെക്ഷൻ ഓഫീസർ

# പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം

No. 73/2019/KEM

തിരുവനന്തപുരം

തീയതി : 27/12/2019

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ്

സർ,

വിഷയം : പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - ചേളാരി ഗവ. ഹയർസെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം സംബന്ധിച്ച്.

മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ ചേളാരി ഗവ. ഹയർസെക്കന്ററി സ്കൂളിൽ കിഫ്ബി ഫണ്ടുപയോഗിച്ചും ഹയർസെക്കന്ററി പ്ലാൻ ഫണ്ടുപയോഗിച്ചും നടത്തുന്ന കെട്ടിട നിർമ്മാണം സംബന്ധിച്ച് ചില പ്രശ്നങ്ങൾ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം മിഷനിലെ വിദ്യാഭ്യാസ വിദഗ്ധനായ ഡോ.സി.രാമകൃഷ്ണനെ ഇത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് സർക്കാരിലേക്ക് ആവശ്യമായ തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

MEENAMBIKA. M.I.
Mission Under Secretary
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് വേണ്ടി
(Kerala Education Mission)
Thiruvananthapuram

കേരള എഡ്യുക്കേഷൻ മിഷൻ
പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം * തിരുവനന്തപുരം *

**മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ ചേളാരി വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ സന്ദർശനം.**

**റിപ്പോർട്ട്**

നവംബർ 7 ന് നടത്തിയ സന്ദർശനത്തിന്റെ തുടർച്ചയായി PWD എൻജിനീയർമാർ, WAPCOS, KITE എന്നിവരെക്കൂടി പങ്കെടുപ്പിച്ച് 16/ 11/2019 ന് ചേളാരി സ്കൂൾ വീണ്ടും സന്ദർശനം നടത്തണമെന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സി.ഇ.ഒ കൂടിയായ ഡി.ജി.ഇയുടെ നിർദേശാനുസരണം സ്കൂൾ സന്ദർശിച്ചു. PWD എക്സിക്യൂട്ടീവ് എൻജിനീയർ, മറ്റ് എൻജിനീയർമാർ, WAPCOS, KITE ഉദ്യോഗസ്ഥർ, വൊക്കേഷണൽ ഹയർസെക്കന്ററി എ.ഡി ഉബൈദുള്ള. എം., ഹയർസെക്കന്ററി ജില്ലാ കോ-ഓർഡിനേറ്റർ അനിൽ. പി.എം., തിരൂരങ്ങാടി ഡി.ഇ.ഒ അബ്ദുൾ ഹമീദ്. കെ.സി, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോ-ഓർഡിനേറ്റർ മണി. എം എന്നിവരും സന്ദർശന ടീമിന്റെ ഭാഗമായിരുന്നു.

പി.ടി.എ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, എസ്.എം. സി ചെയർ പേഴ്സൺ, പൂർവ്വ വിദ്യാർത്ഥി സംഘടന ഭാരവാഹി, ഗ്രൗണ്ട് സംരക്ഷണ സമിതി പ്രവർത്തകർ തുടങ്ങിയവർ പ്രാരംഭ ഘട്ട കൂടിയാലോചനയിൽ പങ്കെടുത്തു. ആമുഖമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ടീം അംഗം ഡോ. സി.രാമകൃഷ്ണൻ സന്ദർശനത്തിന്റെ ഉദ്ദേശം വിശദമാക്കി. WAPCOS എൻജിനീയർ കിഫ്ബി സഹായത്താൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്ലാനും വിശദാംശങ്ങളും അവതരിപ്പിച്ചു. താഴെപ്പറയുന്ന പ്രതികരണങ്ങളാണ് ഉണ്ടായത്.

1. പി.ടി.എ പ്രസിഡന്റ് : മുൻപ് കൂട്ടായി കണ്ടെത്തിയതാണ് ഇപ്പോൾ പ്ലാൻ ഫണ്ടുപയോഗിച്ച് നിർമ്മാണത്തിനായി നിർദേശിച്ച സ്ഥലം. പി.ടി.എ കെട്ടിട നിർമ്മാണം എത്രയും വേഗം തീർക്കാൻ സഹായകമായ എന്ത് വിട്ടുവീഴ്ചയ്ക്കും തയ്യാറാണ്. കെട്ടിടങ്ങൾ എത്രയും വേഗം വരണമെന്നതാണ് പി.ടി.എയുടെ ആവശ്യം. ഏത് തീരുമാനവും സ്വാഗതാർഹം. എത്രയും വേഗം തീരുമാനം കൈക്കൊള്ളണം. കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടം സംബന്ധിച്ച് ഒരു കാര്യവും അറിയുന്നില്ല. ഇപ്പോഴാണ് വിശദാംശം അറിയുന്നത്.
2. അഡ്വ. വിനോദ് : പി.ടി.എ വൈസ് പ്രസിഡന്റ് - എൻ.എച്ച് വീതി കൂട്ടുന്നത് പ്രശ്നമാണ്. ഈ വർഷം മൂന്ന് ഡിവിഷൻ വർദ്ധിച്ചു. കുട്ടികളുടെ എണ്ണം ഇനിയും വർദ്ധിക്കാൻ സാധ്യതയുണ്ട്. ഹയർസെക്കന്ററി വളരെ പരിമിതിയിലാണ് നടന്നുപോകുന്നത്. ആവശ്യത്തിന് സൗകര്യം ഉണ്ടാകണം. എല്ലാവരും യോജിച്ച് എത്രയും വേഗം നിർമ്മാണം നടത്താനാവശ്യമായ സാഹചര്യം ഉണ്ടാകണം.
3. പ്രിൻസ് കുമാർ, പൂർവ്വ വിദ്യാർത്ഥി : സ്കൂളിനായി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പരിഗണിച്ച് നിർമ്മാണം നടത്തണം. എങ്കിൽ ഗ്രൗണ്ട് സംരക്ഷിക്കാൻ കഴിയും. കുട്ടികൾ വളരെയേറെയുള്ള ഈ സ്ഥാപനത്തിൽ ഇപ്പോൾ നിലവിലുള്ള പരിമിതമായ ഗ്രൗണ്ട് നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടാകരുത്.
4. ഗോവിന്ദൻ കുട്ടി: എസ്. എം.സി ചെയർമാൻ : പാവപ്പെട്ട കുട്ടികൾ പഠിക്കുന്ന ഇടമാണ്. ലഭ്യമായ കെട്ടിടങ്ങൾ നഷ്ടപ്പെടാൻ ഇടയാകരുത്. മാസ്റ്റർ പ്ലാൻ ഉണ്ടാക്കണം എന്ന് ബഹു.പൊതുവിദ്യാഭ്യാസ മന്ത്രിയടക്കം പങ്കെടുത്ത യോഗത്തിന്റെ നിർദേശാനുസരണമാണ് അതുണ്ടാക്കിയത്. നബാർഡ് കെട്ടിടം നിർമ്മാണ സമയത്ത് തന്നെ പ്രശ്നമുണ്ടായിരുന്നു. ഫണ്ട് നഷ്ടപ്പെടും എന്ന് കരുതിയാണ് അന്ന് യോജിപ്പിന്റെ വഴിയിലെത്തിയത്. എല്ലാവരും യോജിച്ച് മാസ്റ്റർ പ്ലാനിന്റെ അകത്ത് നിന്ന് പ്രശ്നം

പരിഹരിക്കപ്പെടണം.

5. പ്രേമൻ മാസ്റ്റർ : മുൻ കായികാധ്യാപകൻ - ദീർഘകാല പരിശ്രമ ഫലമായാണ് ഗ്രൗണ്ട് വികസിച്ചത്. എല്ലാവരും യോജിച്ച് എടുത്ത തീരുമാനമാണ് നിലവിൽ നിർദേശിച്ച കെട്ടിടത്തിനുള്ള സ്ഥലം. പിന്നീടാണ് നാഷണൽ ഹൈവേ വികസനവുമായി സ്ഥലം നഷ്ടമാകും എന്ന അവസ്ഥ വന്നത്. ആയതിനാൽ സ്കൂളിന്റെ ദീർഘകാല ആവശ്യം എന്ന നിലയിൽ ഗ്രൗണ്ട് നിലനിർത്തണം.

6. ജിഷ്ണു : കുട്ടികൾക്ക് കളിക്കാനുള്ള സൗകര്യം ഇല്ലാതാക്കരുത്. പഠനത്തിന്റെ ഭാഗമായി തന്നെ കായിക പദ്ധതിയെ കാണണം.

തുടർന്ന് KITCO തയ്യാറാക്കിയ മാസ്റ്റർ പ്ലാനിലെ നിർദേശങ്ങളും (അനുബന്ധം-2, 5) കൂടി പരിഗണിച്ച് PWD എൻജിനീയർമാരുടേയും KITE ന്റെ നേതൃത്വത്തിൽ WAPCOS എൻജിനീയർമാരുടേയും സഹായത്താൽ കെട്ടിട നിർമ്മാണത്തിന് സാധ്യമായ സ്ഥലങ്ങൾ ക്യാമ്പസിനകത്ത് കണ്ടെത്താൻ ശ്രമം നടത്തി. പ്ലാൻ ഫണ്ടുപയോഗിച്ചുള്ള നിർമ്മാണത്തിനായി ഗ്രൗണ്ട് സംരക്ഷിച്ചുകൊണ്ട് സാധ്യത കൂടി പരിശോധിച്ച് എവിടെ നിർമ്മിക്കാം എന്നതും, കിഫ്ബി ഫണ്ടുപയോഗിച്ച് നിലവിൽ നിർദേശിച്ച കെട്ടിടം എവിടെ നിർമ്മിക്കാം എന്നതുമായിരുന്നു പരിശോധിച്ചത്. പരിശോധനയിൽ രൂപപ്പെട്ട നിർദേശങ്ങൾ ഓപ്ഷൻ 1, 2, 3, 4 എന്നിങ്ങനെ ഇതോടൊപ്പം നൽകിയിട്ടുണ്ട്.

ഉച്ചയ്ക്ക് വള്ളിക്കുന്ന് ബഹു. എം.എൽ.എ ശ്രീ.അബ്ദുൾ ഹമീദ് മാസ്റ്റർ സ്കൂൾ സന്ദർശിക്കുകയുണ്ടായി. കെട്ടിടം പണി എത്രയും വേഗം പൂർത്തീകരിക്കണമെന്നും അതിനായുള്ള ശ്രമങ്ങളുണ്ടാകണമെന്നും അഭിപ്രായപ്പെട്ടു. ഇപ്പോൾ നിർമ്മിക്കാൻ നിർദേശിച്ച സ്ഥലം കൂട്ടായി കണ്ടെത്തിയതാണെന്നും സമയബന്ധിതമായി പണിതീർക്കാൻ ഇതാണ് ഉചിതമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. എന്നാൽ യോജിച്ച തീരുമാനങ്ങൾ എടുക്കുന്നതിൽ പ്രശ്നങ്ങൾ ഒന്നുമില്ലെന്നും എല്ലാവരും സഹകരിച്ച് പോകുന്നതിന് വേണ്ട നിർദേശങ്ങളാണ് വേണ്ടതെന്നും അഭിപ്രായപ്പെട്ടു.

പരിശോധനയുടെ തുടർച്ചയായി പി.ടി.എ പ്രസിഡന്റ് അടക്കമുള്ളവരുടെ യോഗം ഉച്ചയ്ക്ക് ശേഷം 3.30 ഓടുകൂടി വീണ്ടും ചേർന്നു.

ആമുഖമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ടീമിൽ അംഗമായ ഡോ.സി.രാമകൃഷണൻ കാര്യങ്ങൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന കാര്യങ്ങളുടെ അടിസ്ഥാനത്തിൽ വേണം ചർച്ചകൾ മുന്നോട്ടുകൊണ്ടുപോകേണ്ടത്

1. സ്കൂളിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള താൽപര്യങ്ങൾ
2. സ്ഥാപനമേധാവിയുടെ കാഴ്ചാ സീമയ്ക്കകത്ത് ക്ലാസുകളും കുട്ടികളും കഴിയാവുന്നതും ഉണ്ടാകുക എന്നത്
3. കളിസ്ഥലം കഴിയാവുന്നതും സംരക്ഷിക്കുക എന്നത്
4. നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിച്ച് സമയബന്ധിതമായി കെട്ടിടം പണി പൂർത്തിയാക്കുക എന്നത്.

തുടർന്ന് വ്യത്യസ്തങ്ങളായ ഓപ്ഷനുകൾ യോഗത്തിൽ അവതരിപ്പിച്ചു.
താഴെപ്പറയുന്ന അഭിപ്രായങ്ങൾ ഉയർന്നുവന്നു.

*അഡ്വ. വിനോദ് പി.ടി.എ വൈസ് പ്രസിഡന്റ്* : പ്ലാൻ കെട്ടിടം നിലവിൽ നിർദേശിച്ച സ്ഥലത്ത് തന്നെ തുടരാൻ കഴിയുന്നില്ലെങ്കിൽ നിലവിലുള്ള ഹൈസ്കൂൾ HM ന്റെ ഓഫീസ്

2/7

4

സ്ഥിതി ചെയ്യുന്ന കെട്ടിടം പൊളിച്ച് അവിടെ നിർമ്മിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. അതിന് പിറകിൽ കിഫ്ബി കെട്ടിടവും നിർമ്മിക്കാം.

*പി.ടി.എ പ്രസിഡന്റ്* : ഇപ്പോൾ നിർമ്മിക്കുന്ന സ്ഥലത്ത് തന്നെ നിർമ്മിക്കുന്നതാണ് നിർമ്മാണം തടസ്സപ്പെടാതിരിക്കാൻ ഉചിതം. ഗ്രൗണ്ട് നിലനിർത്തി നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് പി.ടി.എ എതിരല്ല. അതിനായി നിലവിൽ എച്ച്.എസ് ഓഫീസ് കെട്ടിടവും അതിന് പിന്നിലുള്ള നിർമ്മാണങ്ങളെല്ലാം പൊളിച്ച് അവിടെ കെട്ടിടം നമ്പർ 4 ന്റെ തുടർച്ചയായി പ്ലാൻ ഫണ്ടും, കിഫ്ബി ഫണ്ടും ഉപയോഗിച്ചുള്ള കെട്ടിടങ്ങൾ പണിയാനുള്ള സാധ്യത ആരായാം. ഓഡിറ്റോറിയത്തിനും മറ്റും ബുദ്ധിമുട്ടില്ലാത്ത വിധത്തിലാണ് നിർമ്മാണം നടത്തേണ്ടത്.

*പ്രേമൻ മാസ്റ്റർ* : ഗ്രൗണ്ട് നിലനിർത്തുന്ന രീതിയിൽ മാസ്റ്റർ പ്ലാൻ അനുസരിച്ച് നിർമ്മാണം നടത്തണം.

*ഹയർസെക്കന്ററി പ്രിൻസിപ്പാൾ* : റോഡ് സൈഡിലാണ് നിലവിലുള്ള കെട്ടിടം സ്ഥിതി ചെയ്യുന്നത്. എൻ.എച്ചിന് സമീപം കെട്ടിടം നിർമ്മിക്കുന്നത് ക്ലാസ് മുറി പഠനത്തെ ബുദ്ധിമുട്ടിക്കും. ശബ്ദ ശല്യം ഒരു പ്രധാന പ്രശ്നമാണ്.

*വി.എച്ച്.എസ്.സി പ്രിൻസിപ്പാൾ ഇൻചാർജ്ജ്* : വി.എച്ച്.എസ്.സി കുട്ടികൾക്കുള്ള ലാബും മറ്റും ഒരുക്കേണ്ടതുണ്ട്. കെട്ടിട ഉദ്ഘാടനത്തിന് ശേഷമേ ഇത് ക്രമപ്പെടുത്താൻ കഴിയൂ. കൂടുതൽ ക്ലാസ് മുറി ഉണ്ടാക്കും എന്ന് കരുതുന്നത് ശരിയല്ല.

*ഹെഡ്മിസ്ട്രസ്* : ഈ ഘട്ടത്തിൽ HS ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റുന്ന അവസ്ഥയുണ്ടെങ്കിൽ അത് പരീക്ഷകളെ ബാധിക്കാനിടയുണ്ട്. കമ്പ്യൂട്ടർ ലാബും മറ്റും പരീക്ഷാ സമയത്ത് മാറ്റുമ്പോൾ പ്രതിസന്ധി ഇല്ലാതെ നോക്കണം. പൊതു പരീക്ഷയ്ക്ക് ഒരു തടസ്സവും ഉണ്ടാകരുത്. സാധനങ്ങളെല്ലാം മാറ്റുന്നത് പ്രശ്നമാകാതെ നോക്കണം.

നിലവിൽ നിർമ്മിക്കുന്ന സ്ഥലത്ത് നിന്ന് കെട്ടിടം മാറ്റുന്നത് സാങ്കേതികമായ ബുദ്ധിമുട്ട് ഉണ്ടാക്കിയേക്കാം എന്ന് PWD എക്സിക്യൂട്ടീവ് എൻജിനീയർ സൂചിപ്പിച്ചു. സ്ഥലം മാറ്റുമ്പോൾ കോൺട്രാക്ടർ പിൻമാറാം. പുതിയ ടെണ്ടറടക്കം വേണ്ടിവന്നേക്കാം. നിർമ്മാണം വൈകിയാൽ ഉത്തരവാദിത്തം PWD യിൽ ആരോപിക്കരുത്. എന്ത് ചെയ്യണമെന്ന് വിദ്യാഭ്യാസ വകുപ്പ് അറിയിച്ചാൽ മതി.

സ്കൂൾ ക്യാമ്പസിലുള്ള നിലവിലുള്ള കെട്ടിടങ്ങളുടെ വിന്യാസം അനുബന്ധം 1 ലും 2 ലും ഉണ്ട്.

**<u>ഓപ്ഷൻ 1:</u> (അനുബന്ധം - 3, 4)**

*<u>നിർദേശം</u>*

നിലവിലുള്ള ഹൈസ്കൂൾ ഓഫീസായി പ്രവർത്തിക്കുന്ന കാലപ്പഴക്കം ചെന്ന രണ്ട് നിലകെട്ടിടം (നമ്പർ 1) പൊളിച്ചുമാറ്റി പ്ലാൻഫണ്ട് കെട്ടിടം പ്രസ്തുത സ്ഥലത്ത് നിർമ്മിക്കാം. 3 മുറികൾ നിലവിൽ നിർദേശിച്ച കെട്ടിടം 4 നോടു ചേർന്ന് പണിയാം. അതിന്റെ പിറകിൽ കിഫ്ബിയുടെ 3 കോടി രൂപയുടെ ടെണ്ടർ ചെയ്ത കെട്ടിടം അതേ പ്ലാൻ ഉപയോഗിച്ച് നിർമ്മിക്കാം.. അങ്ങനെയെങ്കിൽ കെട്ടിടം നമ്പർ 2, 3 പിന്നിലുള്ള ടോയ്‌ലറ്റുകൾ എന്നിവ പൊളിച്ചുമാറ്റേണ്ടിവരും.

*പരിമിതി.*

1) കെട്ടിടം നം. 1, 2, 3 എന്നിവ പൊളിച്ചു മാറ്റുമ്പോൾ കുട്ടികൾ ഇപ്പോൾ പ്രസ്തുത കെട്ടിടങ്ങളിൽ ഇരുന്നു പഠിക്കുന്ന 10 ക്ലാസ്സുകൾ മാറ്റേണ്ടിവരും. ഓഫീസ് + ഐടി ലാബ് 3 എണ്ണം (അതിലൊന്ന് VHSE) ലൈബ്രറി എന്നിവയ്ക്ക് സ്ഥലം കണ്ടെത്തേണ്ടി വരും.
2) ഐടി ലാബുകൾ മാറ്റുമ്പോൾ വരുന്ന SSLC ഐടി പരീക്ഷക്കുള്ള സംവിധാനം സ്കൂളിനകത്തു തന്നെ ഉണ്ടാക്കേണ്ടിവരും.
3) 3 കോടി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടക്കുന്നിടത്താണ് പെൺകുട്ടികളുടെ ടോയ്‌ലറ്റ്. അത് പൊളിച്ചുമാറ്റുമ്പോൾ ബദൽ സംവിധാനം ഒരുക്കേണ്ടതുണ്ട്. ഏത് ഓപ്ഷൻ സ്വീകരിച്ചാലും പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റിന് ബദൽ സംവിധാനം ഒരുക്കേണ്ടിവരും.

*പരിഹാരം*

1) ഇപ്പോൾ ഉദ്ഘാടനത്തിന് കാത്തുനിൽക്കുന്ന നബാർഡ് ഫണ്ടുപയോഗിക്കുന്ന കെട്ടിടത്തിൽ 17 പുതിയ ക്ലാസ് മുറികൾ ഉണ്ട്. ഇപ്പോൾ പൊളിച്ചുമാറ്റുന്ന കെട്ടിടങ്ങളിലെ കുട്ടികൾക്കും മറ്റും VHSE കുട്ടികൾ പുതിയ കെട്ടിടത്തിലേക്ക് (ഒന്നാം വർഷവും രണ്ടാം വർഷവും അടക്കം 8 ബാച്ച് ആണുള്ളത്) മാറുന്ന സ്ഥലത്തും പുതിയ കെട്ടിടത്തിലെ മറ്റ് റൂമുകളിലേക്കും ക്രമീകരിച്ചാൽ മതിയാകും. VHSE കുട്ടികളുടെ ലാബ് സൗകര്യം നിലവിലുള്ള രീതിയിൽ തന്നെ ഈ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കും വരെ തുടരാം.

2) പൊളിക്കുന്ന പഴയ കെട്ടിടത്തിൽ നിന്നും VHSE ഐടി ലാബ് പുതിയ കെട്ടിടത്തിലേക്ക് മാറ്റാം. പൊളിയുന്ന കെട്ടിടത്തിലെ 2 ഹൈസ്കൂൾ ഐടി ലാബുകളും താൽക്കാലിക ക്രമീകരണങ്ങളോടെ പുതിയ കെട്ടിടത്തിലേക്കോ, VHSE നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിലേക്കോ മാറ്റാം.

3) HS ഓഫീസും VHSE നിലവിൽ പ്രവർത്തിക്കുന്നിടത്തേക്ക് മാറ്റാം. അതുപോലെ VHSE ക്ലാസുകൾ പുതിയ കെട്ടിടത്തിലേക്ക് മാറുമ്പോൾ ' 40x 20 ' അടി മുറികൾ ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിലുണ്ടെങ്കിൽ അതും 20 X 20 ക്ലാസ്സ് മുറികളായി താത്ക്കാലികമായി മാറ്റി ഉപയോഗിക്കാം.

4) ഏത് ഓപ്ഷനിലും കെട്ടിടങ്ങൾ നിർമ്മിച്ചാലും പെൺകുട്ടികൾക്ക് താല്ക്കാലിക ശുചിമുറികൾ ഉറപ്പാക്കേണ്ടിവരും.

**ഓപ്ഷൻ: 2** - (അനുബന്ധം - 5)

*നിർദേശം :*

നിലവിലുള്ള ഹൈസ്കൂൾ ഓഫീസായി പ്രവർത്തിക്കുന്ന കാലപ്പഴക്കം ചെന്ന രണ്ട് നിലകെട്ടിടം (കെട്ടിട നമ്പർ 1) പൊളിച്ചുമാറ്റി പ്ലാൻഫണ്ട് കെട്ടിടം പ്രസ്തുത സ്ഥലത്ത് നിർമ്മിക്കാം. അതിന്റെ പിറകിൽ CSR ഫണ്ടുപയോഗിച്ച് പണിത ടോയ്‌ലറ്റ് സമുച്ചയം നിലനിർത്തി കെട്ടിടം 2, 3 എന്നിവ പൊളിച്ചുമാറ്റി കിഫ്ബി ഫണ്ടുപയോഗിച്ച് ഇപ്പോൾ നിർദ്ദേശിച്ച കെട്ടിട ഡിസൈൻ മാറ്റി 30X20 ക്ലാസ്സ്മുറിക്ക് പകരം 20x20 ക്ലാസ്സ് മുറികളുള്ള ഒരു നിലയിൽ 5 ക്ലാസ്സ് മുറികൾ ലഭിക്കത്തക്കവിധം മൂന്ന്നില കെട്ടിടം പണിയാം. ടോയ്‌ലറ്റ് ബ്ലോക്ക് കെട്ടിടത്തോടനുബന്ധമായി നിർമ്മിക്കാതെ നിലവിലുള്ള പഴയ ടോയ്‌ലറ്റുകൾ പൊളിച്ചുമാറ്റി പ്രസ്തുത സ്ഥലത്ത് നിർമ്മിക്കാം.

*പരിമിതി :*

1) കെട്ടിട നം. 1, 2, 3 എന്നിവ പൊളിച്ചു മാറ്റുമ്പോൾ കുട്ടികൾ ഇപ്പോൾ പ്രസ്തുത കെട്ടിടങ്ങളിൽ ഇരുന്നു പഠിക്കുന്ന 10 ക്ലാസ്സുകൾ മാറ്റേണ്ടിവരും. ഓഫീസ് + ഐടി ലാബ് 3 എണ്ണം (അതിലൊന്ന് VHSE) ലൈബ്രറി എന്നിവയ്ക്ക് സ്ഥലം കണ്ടെത്തേണ്ടി വരും.

2) ഐടി ലാബുകൾ മാറ്റുമ്പോൾ വരുന്ന SSLC ഐടി പരീക്ഷക്കുള്ള സംവിധാനം സ്കൂളിനകത്തു തന്നെ ഉണ്ടാക്കേണ്ടിവരും.

3) 3 കോടി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടക്കുന്നിടത്താണ് പെൺകുട്ടികളുടെ ടോയ്‌ലറ്റ്. നിർമ്മാണ പ്രവർത്തനം നടക്കുമ്പോൾ കുട്ടികൾ അവിടത്തേക്ക് പോകാൻ കഴിയില്ല. ബദൽസംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.

*പരിഹാരം*

1) ഇപ്പോൾ ഉദ്ഘാടനത്തിന് കാത്തുനിൽക്കുന്ന നബാർഡ് ഫണ്ടുപയോഗിക്കുന്ന കെട്ടിടത്തിൽ 17 പുതിയ ക്ലാസ്സുകൾ ഉണ്ട്. ഇപ്പോൾ പൊളിച്ചുമാറ്റുന്ന കെട്ടിടങ്ങളിലെ കുട്ടികൾക്കും മറ്റും VHSE കുട്ടികൾ പുതിയ കെട്ടിടത്തിലേക്ക് (ഒന്നാം വർഷവും രണ്ടാം വർഷവും അടക്കം 8 ബാച്ച് ആണുള്ളത്). മാറുന്ന സ്ഥലത്തും പുതിയ കെട്ടിടത്തിലെ മറ്റ് റൂമുകളിലേക്കും ക്രമീകരിച്ചാൽ മതിയാകും. VHSE കുട്ടികളുടെ ലാബ് സൗകര്യം നിലവിലുള്ള രീതിയിൽ തന്നെ ഈ കെട്ടിടനിർമ്മാണം പൂർത്തിയാക്കും വരെ തുടരാം.

2) പൊളിക്കുന്ന പഴയ കെട്ടിടത്തിൽ നിന്നും VHSE ഐടി ലാബ് പുതിയ കെട്ടിടത്തിലേക്ക് മാറ്റാം. പൊളിയുന്ന കെട്ടിടത്തിലെ HS ഓഫീസ് 2 ഹൈസ്കൂൾ ഐടി ലാബുകൾ എന്നിവ താൽക്കാലിക ക്രമീകരണങ്ങളോടെ പുതിയ കെട്ടിടത്തിലേക്കോ, VHSE അപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിലേക്കോ മാറ്റാം.

3) HS ഓഫീസും VHSE നിലവിൽ പ്രവർത്തിക്കുന്നിടത്തേക്ക് മാറ്റാം. അതുപോലെ VHSE ക്ലാസുകൾ പുതിയ കെട്ടിടത്തിലേക്ക് മാറുമ്പോൾ ' 40x 20 ' അടി മുറികൾ ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിലുണ്ടെങ്കിൽ അതും 20 X 20 ക്ലാസ്സ് മുറികളായി താത്ക്കാലികമായി മാറ്റി ഉപയോഗിക്കാം.

4) ഏത് ഓപ്ഷനിലും കെട്ടിടങ്ങൾ നിർമ്മിച്ചാലും പെൺകുട്ടികൾക്ക് താല്ക്കാലിക ശുചിമുറികൾ ഉറപ്പാക്കേണ്ടിവരും.

**ഓപ്ഷൻ 3** - ( അനുബന്ധം - 6)

*നിർദേശം* :

നിർദിഷ്ട നാഷണൽ ഹൈവേയിൽ നിന്നും 5 മീറ്റർ മാറി കെട്ടിടം നിർമ്മിക്കുക. പ്ലാൻ ഫണ്ട് കെട്ടിടം ഇവിടെ നിർമ്മിക്കാം. 3 കോടി കിഫ്ബി കെട്ടിടം ഓപ്ഷൻ 1, 2 എന്നിവയിൽ സൂചിപ്പിച്ചതിൽ നിന്നും അനുയോജ്യമായ ഒന്ന് തെരഞ്ഞെടുത്ത് നിർമ്മിക്കാം.

*പരിമിതി* :

1) ഓപ്ഷൻ 1, 2 എന്നിവയിൽ കിഫ്ബി കെട്ടിടത്തിനുള്ള നിർമ്മാണവുമായി ബന്ധപ്പെട്ട പരിമിതികൾ ഇവിടേയും ബാധകമാണ്.

2) നാഷണൽ ഹൈവേ സൈഡായതുകൊണ്ട് ശബ്ദശല്യം ഉണ്ടാകും എന്ന കാര്യം ചർച്ചയിൽ ഉയർന്നു വന്നു. ഇതൊരു പ്രധാന അക്കാദമിക പരിമിതിയാണ്.

3) നിലവിലുള്ള ഓഡിറ്റോറിയത്തിന്റെ സ്റ്റേജ് പൊളിച്ചുമാറ്റുകയും ഓഡിറ്റോറിയം അൽപം കിഴക്കോട്ട് മാറ്റുകയും ചെയ്യേണ്ടി വന്നേക്കാം.

4) 3 കോടി കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടക്കുന്നിടത്താണ് പെൺകുട്ടികളുടെ

ടോയ്‌ലറ്റ്. നിർമ്മാണ പ്രവർത്തനം നടക്കുമ്പോൾ കുട്ടികൾ അവിടത്തേക്ക് പോകാൻ കഴിയില്ല. ബദൽസംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.

*പരിഹാരം-*

1) നാഷണൽ ഹൈവേ സൈഡായതുകൊണ്ട് ശബ്ദശല്യം ഉണ്ടാകും എന്ന് ചർച്ചയിൽ ഉയർന്നു വന്നു. അത് ശരിയുമാണ്. ആയതിനാൽ ഇത് അവസാന ഓപ്ഷനായി മാത്രമേ പരിഗണിക്കാവൂ. കഴിയാവുന്നതും ഒഴിവാക്കാം.

2) സ്റ്റേജ് പൊളിച്ചുമാറ്റുകയും ഓഡിറ്റോറിയം നിലവിലുള്ള സ്ഥാനത്ത് നിന്നും ആവശ്യാനുസരണം കിഴക്ക് ഭാഗത്തേക്ക് മാറ്റുകയും ചെയ്യാം.

3) ഏത് ഓപ്ഷനിലും കെട്ടിടങ്ങൾ നിർമ്മിച്ചാലും പെൺകുട്ടികൾക്ക് താല്ക്കാലിക ശുചിമുറികൾ ഉറപ്പാക്കേണ്ടിവരും.

**ഓപ്ഷൻ 4** - (അനുബന്ധം - 7)

*നിർദേശം :*

പ്ലാൻ ഫണ്ട് കെട്ടിടം നിർദ്ദേശിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്ന ഗ്രൗണ്ടിൽ സ്ഥാപിക്കുക. 3 കോടി കിഫ്ബി കെട്ടിടം നിർദ്ദേശം ഒന്ന്, നിർദ്ദേശം രണ്ട് എന്നിവയിൽ സൂചിപ്പിച്ച വിധം ആക്കുക.

*പരിമിതി*

1) നാഷണൽ ഹൈവേ വരുന്നതോടുകൂടി ഗ്രൗണ്ടിന്റെ വലുപ്പം കുറയും ഗ്രൗണ്ടിലേക്ക് അഭിമുഖമായി കെട്ടിടം വന്നാൽ പഠനം നടക്കുന്ന സമയത്ത് ഗ്രൗണ്ട് ഒരു കാരണവശാലും ഉപയോഗിക്കാൻ കഴിയില്ല. അത് സുഗമമായ ക്ലാസ്സ് റൂം പഠനത്തെ തടസ്സപ്പെടുത്തും.

2) ഗ്രൗണ്ടിൽ കളിക്കുമ്പോൾ ഉണ്ടാകുന്ന പൊടിപടലം ആസ്തമയടക്കമുള്ള ആരോഗ്യപ്രശ്നങ്ങളുണ്ടാക്കും. കിഴക്കുഭാഗത്തായാണ് കെട്ടിടം വരുന്നത്. പടിഞ്ഞാറ് നിന്ന് പകൽ ഉണ്ടാകുന്ന കാറ്റ് പൊടിപടലത്തെ സ്വാഭാവികമായും കിഴക്ക് ദിശയിലേക്കാണ് കൊണ്ടുപോകുക.

3) ഇപ്പോൾ കെട്ടിടം പണിയാൻ സൗകര്യമുള്ള ഇടമെന്ന് പെട്ടെന്ന് തോന്നുമെങ്കിലും ദീർഘകാലാടിസ്ഥാനത്തിൽ ദോഷം ചെയ്യും. ഈ ഓപ്ഷൻ ഒഴിവാക്കാവുന്നതാണ്.

*പരിഹാരം*

1) ഈ ഓപ്ഷൻ കഴിയാവുന്നതും ഒഴിവാക്കാം. മറ്റ് മാർഗ്ഗങ്ങളില്ലെങ്കിൽ കളിയിടം വേണ്ടെന്ന് വച്ച് അവസാന ഓപ്ഷനായി വേണമെങ്കിൽ പരിശോധിക്കാം.

2) ഏത് ഓപ്ഷനിലും കെട്ടിടങ്ങൾ നിർമ്മിച്ചാലും പെൺകുട്ടികൾക്ക് താല്ക്കാലിക ശുചിമുറികൾ ഉറപ്പാക്കേണ്ടിവരും.

യോഗത്തിൽ എത്തിച്ചേർന്നവർ - (അനുബന്ധം - 8)

*നിരീക്ഷണം : -*

സ്കൂളിന് സമയബന്ധിതമായി കെട്ടിടങ്ങൾ നിർമ്മിക്കാൻ പരമാവധി വിട്ടുവീഴ്ച ചെയ്യാൻ പി.ടി.എയും മറ്റും തയ്യാറാണ് എന്നാണ് അവരുമായുള്ള ചർച്ചകളിൽ നിന്നും വ്യക്തമായത്. മുൻപ് അവർ കൈക്കൊണ്ട നിലപാടുകളിൽ നിന്നും മാറി സ്കൂളിന്റെ പൊതു നന്മയ്ക്കായി യോജിച്ചുപോകണം എന്നാണ് എല്ലാവരും അഭിപ്രായപ്പെട്ടത്. എന്നാൽ ഈ വിശാല മനസ്സ് സ്കൂളിലെ ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി മേധാവികൾക്ക് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് പുതുതായി വന്ന ടീച്ചറാണ്. അവർ കാര്യങ്ങൾ പൂർണ്ണമായി മനസ്സിലാക്കി വരുന്നതേയുള്ളൂ. പി.ടി.എ അംഗങ്ങളടക്കം ഒരു പൊതു ധാരണയിലേക്ക് വരുമ്പോൾ അതിനെ പ്രത്യക്ഷമല്ലാതെ പരോക്ഷമായി

നിരുത്സാഹപ്പെടുത്തുന്നത് ഓരോ വിഭാഗത്തേയും വെവ്വേറെ മനസ്സിൽ പ്രതിഷ്ഠിച്ചിട്ടുള്ള സ്ഥാപന മേധാവികളടക്കമുള്ള അദ്ധ്യാപകരാണ് എന്നാണ് തോന്നിയത്. എല്ലാ കുട്ടികളുടേയും നന്മയാണ് സ്ഥാപന നന്മ എന്ന് ആന്തരികമായി ഉൾക്കൊള്ളാൻ കഴിയുന്ന അവസ്ഥ ദൗർഭാഗ്യവശാൽ ഇതിനെയെല്ലാം ഏകോപിപ്പിച്ച് ഒരു ടീമായി മാറേണ്ട സ്ഥാപന മേധാവികളിൽ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

*പൊതു ശുപാർശ : -*

ക്യാമ്പസ് പരിശോധിച്ചതിൽ നിന്നും സ്കൂൾ സന്ദർശനത്തിലെ ചർച്ചകളിൽ നിന്നും കേട്ട അഭിപ്രായങ്ങളെല്ലാം പരിഗണിച്ച് ഓപ്ഷൻ 1 പരിഗണിക്കണമെന്നാണ് ശുപാർശ ചെയ്യുന്നത്. പെൺകുട്ടികൾക്കായി പണിത CSR ഫണ്ടുപയോഗിച്ച ടോയ്‌ലറ്റ് ബ്ലോക്ക് നിലനിർത്തണമെങ്കിൽ ഓപ്ഷൻ 2 ഉം പരിഗണിക്കാവുന്നതാണ്. ഓപ്ഷൻ 3, 4 എന്നിവ ഒഴിവാക്കുന്നതാണ് സ്കൂളിന്റെ ദീർഘകാല ഭാവിക്ക് നല്ലത്. ഓപ്ഷൻ 1, 2 എന്നിവ നിലവിൽ കിറ്റ്കോ തയ്യാറാക്കിയ മാസ്റ്റർ പ്ലാനിൽ ചെറിയ ഭേദഗതി വരുത്തി നിർമ്മിക്കാവുന്നതാണ്.

സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിനായി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എത്രയും വേഗം തീരുമാനം കൈക്കൊള്ളുന്നതിനും തുടർ നടപടികൾക്കുമായി ഈ റിപ്പോർട്ട് സി.ഇ.ഒയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.


2 8/11/2019

*ഡോ. സി. രാമകൃഷ്ണൻ*
*പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം*

35360/2020/G.EDN

(അനുബന്ധം - 1)

നാഷണൽ ഹൈവേ    നിലവിലുള്ള അവസ്ഥ.



അനുബന്ധം - 2.




**Figure 23P: Existing aerial view**

GHSS Beypore, with a site area of 2 Acres 95 Cents, consists of 10 building blocks apart from toilets blocks. The school has a total built up area of about 4000 sq. m. The main entry to site resides to the west side of the plot from NH-17.

The existing infrastructure details are as below:


1. **Office cum HS building**

   The building is double storied with RCC roof and houses the school office. A few classrooms are also located in this building. The condition of the building is very bad

2) **HS building-1**

അനുബന്ധം 3

നാഷണൽ ഹൈവേ



**Phase IV**

Demolishing of block one and four





Figure 29: phase wise construction




KITCO the consultants

അനുബന്ധം - 5


നാഷണൽ ഹൈവേ
option 2.
9
10
4
5
6
7
8
ലൈബ്രറി
option 2
പ്ലാൻ സ്കീം കെട്ടിടം (HS ഓഫീസ് സ്ഥിതിചെയ്യുന്ന പഴയ കെട്ടിടം) പൊളിച്ചു നീക്കാം.
കിഫ്ബി കെട്ടിടം കെട്ടിടം 2, 3, എന്നിവ


അനുബന്ധം 6



അനുബന്ധം - 7

നാഷണൽ ലൈബ്രറി

ഓപ്ഷൻ 4



360/2020/G.EDN

കോണ്ടാലവും-4.

16.11.2019.

ചേളാരി ഗവ: ബോയ്സ് ഹയർസെക്കന്ററി സ്കൂളിൽ 16/11/2019 ശനിയാഴ്ച ഹയർസെക്കന്ററി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നടന്ന യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും.

1 Dr. C. Ramakrishnan. Pothuvidhyabhyasa Samrakshanayajnam Malappuram (signature)

2 – Asst. Exe. Engg. Malappuram (signature)

3 – Ubaidulla M, AD VHSE (signature)

4 – ... കോ-ഓർഡിനേറ്റർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, Mpm (signature)

5. ... DEO Tirurangadi, ... (signature)

6. ... Executive Engineer PWD (Bldgs) Division, Malappuram (signature)

7. Adv. K.T. Vinodkumar, PTA - Vice President (signature)

8. ... P.X., Asst. Exe. Engineer PWD (B) Subdivision, Parappanangadi (signature)

9. Santo Sebastian
Asst. Engineer, PWD(Buildings)
Parappangadi

10. Rameshbabu J,
Overseer,
PWD Building section,
Parappanangadi 18

11 Yaseen K K.
PWD - contractor
Kundotty 19

12. Jithin P 20
[illegible]

13 [illegible]

14 [illegible] 21

15 [illegible]

16. [illegible] 22
[illegible]
[illegible]

Namitha P 2/4
[illegible]